പദ്ധതിക്കായി അനുവദിച്ച 4,43,75,227 രൂപയിൽ ആദ്യ ഗഡുവായി 150 ലക്ഷം രൂപയും രണ്ടാം ഗഡുവായി 50 ലക്ഷം രൂപയും ഇതിനകം ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. ഇവിടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിനായുള്ള ഡിസൈനും ഡ്രോയിംഗും ആർക്കിടെക്ചറൽ സി-എർത്ത്, കോഴിക്കോട് മുഖേന ഉണ്ടാക്കുകയും നിർമ്മാണ പ്രവർത്തി ടെണ്ടർ ചെയ്യുന്നതിനായി കൺസൾട്ടന്റായ കിറ്റ്കോ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 27-6-2014-ന് ടെണ്ടർ ക്ഷണിക്കുകയും കരാറുകാരെ ലഭിക്കാത്തതുമൂലം ടെണ്ടർ കാലാവധി നീട്ടുകയും ഈ കാലാവധിയിൽ ഒരു ടെണ്ടർ മാത്രം ലഭിക്കുകയുമാണ് ഉണ്ടായത്. ഇടർന്ന് 19-11-2014-ന് വീണ്ടും ടെണ്ടർ ക്ഷണിച്ചെങ്കിലും അടങ്കൽ തുകയുടെ 7.33% കൂടുതൽ തുക മുദ്രണം ചെയ്ത ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിരുന്നത്. ആയതിനാൽ വീണ്ടും ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ച് നീ-ടെണ്ടർ നടപടി പുരോഗമിച്ചു വരുന്നു.

മണിയാർ ടൂറിസം പദ്ധതി ഒന്നാം ഘട്ട പണികൾ

319 (1017) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പണികൾക്കായി എത്ര രൂപയാണ് അനുവദിച്ചത് ; എന്തൊക്കെ പണികളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത് ;

(ബി) ഒന്നാംഘട്ട പണികൾ പൂർത്തിയായോ ; ഇല്ലെങ്കിൽ ഏതുഘട്ടം വരെയായി ;

(സി) എന്നാണ് ഒന്നാംഘട്ട പണികൾക്ക് തുക അനുവദിച്ചത് ; ഒന്നാംഘട്ട പണികൾ പൂർത്തിയായിട്ടില്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; പണികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ ;

(ഡി) രണ്ടാംഘട്ട പണികൾ എന്ന് ആരംഭിക്കും ; എന്തൊക്കെ പണികളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; എത്ര തുക ഇതിന് അനുവദിച്ചു ?

<u>ഉത്തരം</u>

(എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതികൾക്കായി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത പദ്ധതിയിൽ പാർക്കിന്റെ നവീകരണം, ലാന്റ്സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ലാന്റ്സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2012-ൽ ആണ് ആദ്യ ഗഡു തുക അനുവദിച്ചത്. നിലവിൽ പൂർത്തീകരിച്ച ഇനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി, ജല സംവിധാനം എന്നിവ ആവശ്യമാണ്. ഇതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. അനുമതി ലഭിച്ചാലുടൻ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാക്കുന്നതാണ്.

(ഡി) മണിയാറിന്റെ രണ്ടാംഘട്ട പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പത്തനംതിട്ട ഡി.ടി.പി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്വകാര്യ ഉല്ലാസ ബോട്ടുകൾ

320 (1018) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഉല്ലാസ ബോട്ടുകൾക്ക് ഏകീകൃത നിരക്ക് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിന് എന്താണ് തടസ്സമെന്നത് വ്യക്തമാക്കുമോ ;

(ബി) പല സ്വകാര്യ ഉല്ലാസ ബോട്ട് സർവ്വീസുകളും യാത്രക്കാരിൽനിന്നും കനത്ത തുക ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏകീകൃത നിരക്ക് നിലവിലില്ലായെങ്കിൽ ഇത്തരത്തിൽ ഒരു നിരക്ക് നിശ്ചയിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വകാര്യ ഉല്ലാസ ബോട്ടുകളുടെ യാത്രാ നിരക്ക് നിശ്ചയിക്കുന്നത് സർക്കാർ തലത്തിൽ അല്ല.

(ബി) ഇല്ല.

(സി) ബോട്ടുടമകളുടെ സംഘടനകളുമായും ബന്ധപ്പെട്ട ഇതര വകുപ്പുകളുമായും കൂടിയാലോചിച്ച ശേഷമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ

LIBRARY ARCHIVES Kerala Legislative Assembly